



















# ആരാണ് ഒഴിവാക്കപ്പെട്ടവരുടെ ഭൂരിപക്ഷ കേരളം ?
# എന്താണ് ജനപക്ഷം ?
# എന്തിനാണീ സമീപന രേഖ ?

പ്രിയ സുഹൃത്തുക്കളെ,

ഈ സമീപന രേഖയുടെ ലക്ഷ്യം പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കർഷകരും ഒഴിവാക്കപ്പെട്ടവരും അവരുടെ താല്പര്യങ്ങളും അവകാശങ്ങളും നേടാൻ ഉത്തകത്തക്ക വിധം നിലപാടെടുത്ത് ആദ്യഘട്ടത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ നിർണ്ണായക ശക്തി ആകുക എന്നതാണ്. ഇതിലേക്ക് ജനങ്ങളെ നയിക്കണമെങ്കിൽ എന്താണ് ഇന്നത്തെ ഭരണകുടത്തിന്റെ അവസ്ഥ എന്നു കൃത്യമായും വിശദമായും വിലയിരുത്തണം. എവിടെയാണ് നാമെന്നു മനസ്സിലാക്കണം. എങ്കിലേ നിർദ്ദേശിക്കുന്ന മാറ്റങ്ങളുടെ പ്രസക്തി മനസിലാകു.

അതിന്, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽ അനിവാര്യ ചുമതലകൾ, പൊതു ചുമതലകൾ, മേഖലാ ചുമതലകൾ ഏതൊക്കെ കൃഷിയുമായി ബന്ധപ്പെട്ടതാണ് എന്ന് കണ്ടെത്തി, ഭരണ സമിതി ആ ചുമതലകൾക്ക് മുൻഗണന നൽകി നടപ്പാക്കിയാൽ എല്ലാ തദ്ദേശ ഭരണയിടത്തും കൃഷിയിൽ പരമാവധി പുരോഗതി ഉണ്ടാക്കാനും കർഷകരുടെ ജീവിതത്തിൽ സമ്പൂർണ്ണ അഭിവൃദ്ധി കൈവരുത്താനും കഴിയും. 1994ൽ പുതിയ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങൾ നിലവിൽ വന്നിട്ടും ഇതുവരെയും അത്തരത്തിലുള്ള കാര്യങ്ങൾ നടക്കാത്തത് ഭരണസമിതികളിൽ ചുമതലകളെക്കുറിച്ച് അറിവുള്ളവരും കർഷക ദരിദ്ര ഒഴിവാക്കപ്പെട്ടവരുടെ താല്പര്യങ്ങൾ ഉൾക്കൊള്ളു ന്നവരും വേണ്ടത്ര ഇല്ലാത്തതു കൊണ്ടാണ്. അതോടൊപ്പം തന്നെ തദ്ദേശ ഭരണം രാഷ്ട്രീയക്കാർക്ക് ഏല്പിച്ചുകൊടുത്ത് ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ കാഴ്ചക്കാരും കേവലം നോക്കുകുത്തികളും ആയി പരിണമിച്ചിരി ക്കുന്നത് കൊണ്ടാണ് അത് സംഭവിക്കുന്നത്. അതുകൊണ്ട്, തദ്ദേശ ഭരണ നിയമങ്ങളും പ്രാദേശിക സർക്കാർ ആയി ഭരണഘടന ഉയർത്തിയിരിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളും കൃഷിക്കും കർഷകർക്കും ദരിദ്രർക്കും ഒഴിവാക്കപ്പെട്ടവർക്കും പ്രയോജന പ്പെടുത്തുന്നതിനു നാം നേരിട്ട് ഗ്രൗണ്ടിൽ ഇറങ്ങി കളിക്കാൻ തയാറാകണം. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ പരമാവധി ഇടങ്ങളിൽ കർഷകരടക്കമുള്ള ഒഴിവാക്കപ്പെട്ട സാധാരണക്കാർ മത്സരത്തിന് ഇറങ്ങി വിജയിച്ച് തദ്ദേശ ഭരണ സമിതികളിൽ ഇടം നേടണം.

ഇനിയങ്ങോട്ട് “കർഷകർ” എന്നു പറയുമ്പോൾ വികസനത്തിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ഭൂരിപക്ഷ കേരളത്തിലെ ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരും പിന്നോക്ക വിഭാഗക്കാരും ഉൾപ്പെടുന്ന ജനവിഭാഗമെന്ന് അറിയണം.

നിയമവും ഭരണവും കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിനു കൃഷി സംബന്ധിച്ച സ്റ്റാൻഡിങ് കമ്മിറ്റിയുടെ ചെയർമാൻ കർഷകനായിരിക്കണം. അതിനപ്പുറം ബഡ്ജറ്റ് തയാറാക്കുന്ന ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ചെയർമാൻ ആയ വൈസ് പ്രസിഡന്റ് കർഷകൻ ആകാൻ കഴിയണം. അതിനും അപ്പുറം പ്രസിഡന്റ് കൂടി കർഷകൻ ആയാൽ പൂർണ പ്രയോജനം നേടാൻ കഴിയും. സംസ്ഥാന























ഭരണത്തിലായാലും പ്രാദേശിക ഭരണത്തിലാ യാലും പണം ചെലവഴിക്കുന്നതിലെ മുൻഗണന യാണ് പുരോഗതിയുടെ ആണിക്കല്ല്. കൃഷിക്ക് മുൻഗണന ലഭിക്കണമെങ്കിൽ കർഷകൻ തന്നെയോ കർഷകന്റെയും കൃഷിയുടെയും പുരോഗതിയിൽ ആത്മാർത്ഥയുള്ള, അതിനപ്പുറം, ആവേശം കൊള്ളുന്നവർ അധികാര സ്ഥാന ങ്ങളിൽ എത്തണം.

ഇത്തവണത്തെ തദ്ദേശ ഭരണ തെരഞ്ഞെ ടുപ്പിൽ കർഷകർ അരയും തലയും മുറുക്കി ഇറങ്ങി പരമാവധി പേർ ഭരണസമിതികളിൽ എത്തിച്ചേര ത്തക്കവിധം മത്സര രംഗത്തിറങ്ങണം.

കർഷകർ അരയും തലയും മുറുക്കി ഇറങ്ങിയാൽ ഇറങ്ങുന്നിടത്തൊക്കെ കർഷകർക്ക് വിജയിക്കാനാകും. കാരണം, പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി കളിലും ഓരോ വാർഡിലും വോട്ടർ മാരിൽ ഭൂരിപക്ഷവും കർഷകർ ആണെന്നത് തർക്ക മറ്റ കാര്യമാണല്ലോ. അവരെ ഉണർത്താനും ആവേശ ഭരിതരാ ക്കാനും കഴിയും വിധം പ്രചരണത്തിൽ നാം ഏർപ്പെടണം. ഓരോ വീട്ടിലും കയറി ഇറങ്ങി പ്രചരണം നടത്തുകയും പ്രചാരണത്തിനിടയിൽ നിയമപരമായ ചുമതല കളെക്കുറിച്ചും ഗ്രാമസഭ/വാർഡ് സഭയുടെ അധികാര അവകാശങ്ങളെക്കുറിച്ചും സഭാ യോഗങ്ങളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യക തയെക്കുറിച്ചും യോഗങ്ങൾ നടത്തുന്നത് സംബ ന്ധിച്ച നിയമവ്യവസ്ഥകളെ സംബന്ധിച്ചും വിശദീകരണങ്ങൾ നൽകി ബോധവൽക്കരിക്കണം.

ഒട്ടും വൈകാതെ തന്നെ നാം രംഗത്തിറങ്ങണം. രാഷ്ട്രീയക്കാർക്ക് സ്ഥാനാർഥി നിർണയം നടത്താൻ അവസാന ദിവസങ്ങളിലെ കഴിയുകയുള്ളു. എന്നാൽ കർഷകർക്ക് ഇപ്പോൾ തന്നെ മത്സരംഗത്തിറങ്ങാൻ കഴിയണം.

തദ്ദേശഭരണം കക്ഷിരാഷ്ട്രീയാതീതമാ യിരിക്കണം എന്നാണ് ഭരണ ഘടനാ ഭേദഗതിയിൽ ഊന്നി പ്പറഞ്ഞിട്ടുള്ളതെങ്കിലും കേരളത്തിൽ അത് രാഷ്ട്രീയവൽക്ക രിച്ചെങ്കിലും നാം സ്വതന്ത്രമായി മത്സരിക്കുന്ന തിലൂടെ നമ്മൾ ഭരണ ഘടനാ മൂല്യങ്ങൾ ഉയർത്തി പ്പിടിക്കാനാണ് ശ്രമിക്കുന്നത്.

തെരെഞ്ഞെടുക്കപ്പെട്ടാൽ ഭരണം ലക്ഷ്യോന്മുഖമാക്കി ഉപയോഗിക്കുന്നതിനും പ്രചാരണ സമയത്ത് വോട്ടർമാരെ ബോധവാന്മാരാക്കുന്നതിനും അറിവിന്റെ വെളിച്ചത്തിൽ ആദരവും അത് വഴി വോട്ടും നേടുന്നതിനും മത്സര രംഗത്തിറങ്ങുന്നവർ അറിവും പരിശീലനവും നേടേണ്ടതുണ്ട്. അതിനുള്ള ആമുഖ രേഖ യാണിത്.

മത്സരിക്കാൻ ആഗ്രഹിക്കുന്നവർക്കായി സംസ്ഥാന തലത്തിലോ മേഖലാ തലത്തിലോ പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതാണ്. കേരളാ സിവിൽ സൊസൈറ്റി ഒക്ടോബറിൽ എല്ലാ ജില്ലകളിലും മേൽപറഞ്ഞ പരിശീലനപരിപാടി നടത്തുന്നുണ്ട്. ഓരോ ജില്ലയിലും കർഷകർക്ക് അത്തരം പരിശീലനത്തിൽ പങ്കെടുക്കാം. അതിനപ്പുറം കർഷകർക്ക് വേണ്ടി പ്രത്യേകം പരിശീലനങ്ങൾ സംഘടിപ്പിക്കുകയും അതിന് മാധ്യമ പ്രചാരം ലഭിക്കുകയും ചെയ്യുമ്പോൾ കർഷകരുടെ മത്സരം ഒരു trend ആയി വികസിച്ചു കൊള്ളും. അതിനായി എത്രയും വേഗം നാം ഒത്തുചേരണം.

തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ കരുത്ത് തെളിയിക്കാൻ കർഷകർക്ക് കഴിഞ്ഞാൽ നിയമസഭാ തെരഞ്ഞെടുപ്പിൽ കർഷകർക്ക് bargain ചെയ്ത് സീറ്റ് നേടാൻ കഴിയും. അതുവഴി സംസ്ഥാന ഭരണം കൂടി കൂടുതൽ കർഷക അനുകൂലമാക്കാൻ വഴി തെളിക്കാൻ കഴിയും.

**എന്ന്**
**"ഒഴിവാക്കപ്പെട്ട ഭൂരിപക്ഷ കേരളത്തി"ന്റെ സംയുക്ത മുന്നേറ്റമായ "ജനശബ്ദം"**